നാചുറൽ റബ്ബർ പ്രൈസ് സ്റ്റെബിലൈസേഷൻ സംഭരണ പദ്ധതി

119 (2697) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാചുറൽ റബ്ബർ പ്രൈസ് സ്റ്റെബിലൈസേഷൻ (എൻ.ആർ.പി.എസ്.) സംഭരണ പദ്ധതി പ്രകാരം റബ്കോ, കണ്ണൂർ 1997-98 കാലയളവിൽ ഏതെല്ലാം സഹകരണസംഘങ്ങൾ വഴി എത്ര ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) റബ്ബർ സംഭരണത്തിൽ പങ്കെടുത്ത റബ്ബർ മാർക്കറ്റിംഗ് സംഘങ്ങൾക്ക് ഇതുവരെ ഹാൻഡ്ലിംഗ് ചാർജ്ജ് ആയി എത്ര രൂപ നൽകി ;

(സി) കിലോയ്ക്ക് 40 പൈസ എന്ന് പ്രഖ്യാപിച്ച ഹാൻഡ്ലിംഗ് ചാർജ്ജ് ഇനിയും ഏതെല്ലാം സഹകരണ മാർക്കറ്റിംഗ് സംഘങ്ങൾക്ക് നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കിലോയ്ക്ക് 40 പൈസ വീതമുള്ള ഹാൻഡ്ലിംഗ് ചാർജ്ജ് ഇതുവരെ ലഭിക്കാത്ത സഹകരണ സംഘങ്ങളുടെ പരാതി ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത സംഘങ്ങൾക്ക് തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നാചുറൽ റബ്ബർ പ്രൈസ് സ്റ്റെബിലൈസേഷൻ (എൻ.ആർ.പി.എസ്.) സംഭരണ പദ്ധതി പ്രകാരം റബ്കോ, കണ്ണൂർ 1997-98 കാലയളവിൽ 38 സഹകരണസംഘങ്ങൾ മുഖേനയും നേരിട്ടും 11519.18 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. (അവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(ബി) ഹാൻഡില്ലിംഗ് ചാർജ്ജായി തുകയെന്നും നൽകിയിട്ടില്ല.

(സി) കിലോയ്ക്ക് 40 പൈസ ഹാൻഡ്ലിംഗ് ചാർജ്ജ് സംഭരണ ഏജൻസികളായ റബ്കോയ്ക്കും വെയർഹൗസിംഗ് കോർപ്പറേഷനും നൽകാൻ ഉള്ളതാണ്. മാർക്കറ്റിംഗ് സംഘങ്ങൾക്ക് ഹാൻഡ്ലിംഗ് ചാർജ്ജ് നൽകാൻ ഉത്തരവില്ല.

(ഡി) ട്രാവൻകൂർ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും കാഞ്ഞിരപ്പള്ളി നോർത്ത് മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണസംഘവും ഹാൻഡിലിംഗ് ചാർജ്ജ് ലഭിച്ചില്ല എന്ന് പരാതിപ്പെട്ടിട്ടുണ്ട്. മാർക്കറ്റിംഗ് സംഘങ്ങൾക്ക് ഹാൻഡിലിംഗ് ചാർജ്ജ് നൽകുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly